നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുവാനും പദ്ധതി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫ്ലെയർ ഇന്റേൺഷിപ്പ് പ്രകാരം യുവ അദ്ധ്യാപകർക്ക് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിലെ അദ്ധ്യാപകരോടൊപ്പം പ്രവർത്തിച്ച് അവരുടെ അനുഭവം പങ്കിടാനുള്ള അവസരം ലഭിക്കുന്നു. പ്രമുഖ അദ്ധ്യാപകരുടെ ക്ലാസുകൾ വീക്ഷിക്കാനുള്ള അവസരം അവരുടെ ലാബോറട്ടറികളിൽ പ്രവർത്തിക്കാനുള്ള അവസരം എന്നിവയും ലഭിക്കുന്നു. കോളേജുകളിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകാനായി. 'ഫ്ലെയർ ഫോർ റിസർച്ച്' എന്ന പദ്ധതിയും ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഫ്ലെയർ പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. ഫ്ലെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറും വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രവർത്തിക്കുന്നു. അക്കാഡമിക് പരിശീലനം ത്വരപ്പെടുത്താനും അത് നൽകുവാനുമായി ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഡോ. എൻ. ജെ. റാവുവിന്റെ നേതൃത്വത്തിൽ ഒൻപതു പേരടങ്ങുന്ന ഒരു പരിശീലക ടീം പ്രവർത്തിക്കുന്നു. പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി ഈ പരിപാടിക്കായി നടപ്പ് സാമ്പത്തിക വർഷം 2.12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

മാതൃകാ സ്കൂൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

51(2906) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ മാതൃകാ സ്കൂൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ മാതൃകാ സ്കൂളുകൾ സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഏത് സ്കൂളാണ് മാതൃകാ സ്കൂളായി അപ്ഗ്രേഡ് ചെയ്യാനുദ്ദേശിക്കുന്നത്, വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനുള്ള 'പ്രിസം പദ്ധതി' സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയതിനായി ഫണ്ട് ശേഖരണം സംബന്ധിച്ചും ഗവേർണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly